പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 6595

01.11.2011- ൽ മറുപടിക്ക്

## കയർ സാങ്കേതികവിദ്യ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>,, അൻവർ സാദത്ത്<br>,, പി.എ. മാധവൻ<br>,, എം.പി. വിൻസെന്റ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി |
| (എ) കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് കേന്ദ്രം നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന സംസ്ഥാന കയർ വകുപ്പിന്റെ കീഴിലുള്ള കേന്ദ്രമായ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് (NCRMI) നേരിട്ട് കേന്ദ്ര സഹായം ലഭിക്കുന്നില്ല. എന്നാൽ ഒറ്റത്തവണ കേന്ദ്രസഹായമായി കയർ വികസന വകുപ്പിന് ലഭ്യമായ പല പദ്ധതികളും എൻ സി ആർ എം ഐ മുഖാന്തിരം നടപ്പിലാക്കുന്നുണ്ട്. |
| (ബി) പ്രസ്തുത കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും ചുവടെ ചേർക്കുന്നു.<br><br>• കയർ മേഖലയുടെ സമഗ്ര വികസനത്തിനാവശ്യമായ നവീന സാങ്കേതിക വിദ്യ വികസിപ്പിക്കുക<br>• കയറും അതുപോലെ മറ്റു പ്രകൃതിദത്ത നാരുകളും കൈകാര്യം ചെയ്യുന്ന ഇന്ത്യക്ക് അകത്തും പുറത്തുമുള്ള റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഗവൺമെന്റ് ഏജൻസികൾ, വ്യവസായ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുക<br>• കയറുപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുക, ഉല്പന |

വൈവിദ്ധ്യവൽക്കരണം, സാങ്കേതിക വിദ്യ വികസിപ്പിക്കൽ തുടങ്ങിയവയിൽ പഠനം നടത്തുന്ന ഏജൻസികൾക്ക് ധനസഹായം നല്കുക, ഈ പഠനങ്ങൾ കൃത്യമായി വിലയിരുത്തുക. ഇതിന്റെ നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശം നല്കുക

- കയർ മേഖലയ്ക്കാവശ്യമായ പുതിയ സാങ്കേതിക വിദ്യയും യന്ത്രവും വികസിപ്പിക്കുക, അത് വികസിപ്പിക്കുന്നവർക്ക് വേണ്ട സഹായം നല്കുക.
- കയർ മേഖലയിൽ നിലവിലുള്ള എല്ലാ പ്രസിദ്ധീകരണങ്ങളും ശേഖരിച്ച് ഒരു ഡോക്യുമെന്റേഷൻ സെന്റർ രൂപീകരിക്കുക. അതുവഴി ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നല്കുക. കൂടാതെ മറ്റ് ഏജൻസികൾ കയർ മേഖലയുടെ ഉന്നമനത്തിന് നടത്തിയ പഠനങ്ങളുടെ റിപ്പോർട്ട് ശേഖരിക്കുക
- കയർ മേഖലാവശ്യമായ അസംസ്കൃത വസ്തുക്കൾ, നിലവിലുള്ള ഉല്പന്നങ്ങൾ, ഇവ, നിർമ്മിക്കുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ, കയറ്റുമതിക്കാർ തുടങ്ങിയവയെ ക്കുറിച്ചുള്ള വ്യക്തമായ ഒരു ഡാറ്റാബേസ് നിർമ്മിക്കുക
- കയർ മേഖലക്കാവശ്യമായ Entrepreneur development, Management Institution Systems, Techno Commercial Feasibility Study, Market analysis തുടങ്ങിയവയിൽ പരിശീലനം നല്കുക. ശില്പശാല, സെമിനാർ എന്നിവ സംഘടിപ്പിക്കുക, കയർ തൊഴിലാളികൾക്കാവശ്യമായ പരിശീലനം നല്കുക.

സംസ്ഥാനത്തെ കയർ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ചെയർമാനായുള്ള ഗവേണിംഗ് ബോഡി ഭരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു.

| | |
|---|---|
| സി) പ്രസ്തുത കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്? | സി) എൻ സി ആർ എം ഐ-യെ ശക്തിപ്പെടുത്തുന്നത് മുന്നിൽക്കണ്ട് സയൻസ് & ടെക്നോളജി ഡിപ്പാർട്ട്മെന്റിൽ നിന്നും കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ